LIBRARY ARCHIVES Kerala Legislative Assembly

**ആലുവ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

125 (6284) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ കളമശ്ശേരി നഗരസഭയിലെ കങ്ങരപ്പടി-വയനകോട് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി വഴി സമർപ്പിച്ച കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്തിലെ കണിയാംകുന്ന് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ രണ്ട് പദ്ധതികളും അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) ആലുവ മണ്ഡലത്തിലെ കങ്ങരപ്പടി-വയനകോട് പ്രദേശത്തേയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, കടുങ്ങല്ലൂർ പഞ്ചായത്തിലെ കണിയാംകുന്ന് പ്രദേശത്തേയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവ നിയോജകമണ്ഡലത്തിലെ വികസന പദ്ധതി എന്ന നിലയിൽ ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയെങ്കിലും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ത്വരിത ഗ്രാമീണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

**കൂളിമാട് പമ്പിംഗ് സ്റ്റേഷനിലെ മോട്ടോറുകളുടെ റിപ്പയർ**

126 (6285) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വാട്ടർ അതോറിറ്റിയുടെ കൂളിമാട് പമ്പിങ്ങ് സ്റ്റേഷനിലെ മോട്ടോറുകൾ റിപ്പയർ ചെയ്ത ബില്ലുകൾ പരിശോധിച്ച് തുക അനുവദിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കുമോ ;

(ബി) ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇവർ ഇക്കാര്യത്തിൽ സാങ്കേതിക പരിജ്ഞാനം നേടിയവരാണോ എന്ന് വിശദമാക്കുമോ ;

(സി) അല്ലെങ്കിൽ ഇവർ അംഗീകരിച്ച ബില്ലുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?